ഭരണഭാഷ - മാതൃഭാഷ

നം. എച്ച്.ഇ.സി.ഇ /232/2018-ബി1

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
കമലേശ്വരം, മണക്കാട് പി.ഒ
തിരുവനന്തപുരം – 695 009
Telephone/Fax: 0471-2459365/2459159
Website:- www.hed.kerala.gov.in
E-mail: ce.hed@kerala.gov.in

തീയതി : 28/01/2020

## സർക്കുലർ

വിഷയം :- പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നത്

സൂചന:- 25-2-2017 ലെ സ.ഉ (പി) നം. 3/2017/ഉഭപവ നമ്പർ ഉത്തരവ്

ഹാർബർ എൻജിനീയറിംഗ് വകുപ്പിലെ ജീവനക്കാരിൽ നിന്നും 2020 വർഷത്തിൽ പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു. സൂചന ഉത്തരവിലെ പൊതു മാനദണ്ഡങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും കർശനമായി പാലിച്ച് കൊണ്ട് സ്ഥലം മാറ്റത്തിനുള്ള അപേക്ഷ ആഫീസ് മേലധികാരി മുഖേന അയയ്ക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 29/02/2020 ആണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷാ ഫാറം, പ്രൊഫോർമ എന്നിവയുടെ മാതൃക വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കേണ്ടതാണ്. മിനിസ്റ്റീരിയൽ / സാങ്കേതിക വിഭാഗം ജീവനക്കാരുടെ പട്ടിക പ്രത്യേക ആമുഖ കത്ത് സഹിതം വെവ്വേറെ അയയ്ക്കേണ്ടതാണ്. സ്ഥലം മാറ്റം അപേക്ഷിക്കാത്ത ജീവനക്കാരുടേതുൾപ്പെടെ എല്ലാ ജീവനക്കാരുടെയും സർവ്വീസ് വിശദാംശങ്ങൾ പ്രൊഫോർമയിൽ ലഭ്യമാക്കേണ്ടതാണ്. സൂചന ഉത്തരവ് സർക്കാർ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും ആയതിലെ മാനദണ്ഡങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായുള്ള അപേക്ഷകൾ ശുപാർശ ചെയ്യാതിരിക്കുവാൻ ആഫീസ് മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്
ചീഫ് എഞ്ചിനീയർ

പകർപ്പ് :- എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും / എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
" ഈ കാര്യാലയത്തിൽ സർക്കുലേറ്റ് ചെയ്യുന്നതിന്
" ബി2 സെക്ഷന്
" വെബ് സൈറ്റിലേക്കായി ഐ.റ്റി.സെൽ.

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

16/Pr

Scanned by CamScanner